15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2364 | 07-07-2022 - ൽ മറുപടിയ്ക്ക്

ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ. മാരെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ. മാരെ അറിയിക്കുന്നതിന് നിലവിൽ സർക്കാർ തലത്തിൽ സംവിധാനങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | ടെണ്ടർ സേവിംഗ്സ് തുകയ്ക്കുള്ള പ്രൊപ്പോസലുകൾ കളക്ടേറ്റുകളിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | **31.03.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.40/2022/ധന പ്രകാരം, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിംഗ്സ് എത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. ഇത് പ്രകാരം ജില്ലാ കളക്ടർമാർക്ക് തന്നെ ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതും മാർഗ്ഗരേഖ പ്രകാരം അനുവദനീയമായവയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേക അനുമതിയുടെ ആവശ്യമില്ലാത്തതുമാണ്. ഇതനുസരിച്ച് എം.എൽ.എ. മാർ ടെണ്ടർ സേവിംഗ്സ് തുകയ്ക്കുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി കളക്ടേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്.** |

സെക്ഷൻ ഓഫീസർ